# ഗർഭപാത്രങ്ങളുടെ മാർക്കറ്റ് വില

സ്ത്രീയുടെ ചാരിത്ര്യത്തിന് വില കല്പിക്കാത്തവരായി നമ്മുടെ കൂട്ടത്തിൽ ആരുമുണ്ടാകില്ല. അവൾ മഹതിയായതു പോലെ അവളുടെ ചാരിത്ര്യത്തിനും നാം ഏറെ വില കല്പിക്കുന്നുണ്ട്. വിവാഹത്തിന് മുമ്പുള്ള അവളുടെ ഗർഭധാരണത്തെ പാപമായി കരുതിയിരുന്ന സംസ്കാരമാണ് നമ്മുടേത്. അവളുടെ ചാരിത്ര്യം നശിക്കുന്നത് ഒരു കുടുംബം നശിക്കുന്നതിന് തുല്യമായാണ് കണക്കാക്കിയിരുന്നത്.

ഇന്നോ? അങ്ങനെ തന്നെ എന്നാണ് വെപ്പ്. പക്ഷേ, കാര്യം മാറിവരുന്നത് ആരും അറിയാതെയൊന്നുമല്ല. എല്ലാവരും അറിഞ്ഞും ഒത്താശ ചെയ്തുമാണ് എല്ലാ കളികളും ഇവിടെ അരങ്ങേറുന്നത്.

പറഞ്ഞുവരുമ്പോൾ തെറ്റിദ്ധരിക്കരുത്. വാടകക്ക് ഗർഭം ചുമക്കുന്ന രീതി നേരത്തെ തന്നെ ലോകമെങ്ങും ഉണ്ട്. ഇന്ന് സാർവത്രികവുമാണ്. കൗതുകം അതല്ല, ഇന്ന് നമ്മുടെ രാജ്യം ഗർഭപാത്രത്തിന്റെ വലിയ മാർക്കറ്റായി മാറുകയാണ്. കുട്ടികൾ ഇല്ലാത്തവർ മുതൽ സന്താനോൽപാദനത്തിന് നേരമില്ലാത്തവരും ജോലിയാവശ്യാർഥം ലോകത്തിന്റെ രണ്ടറ്റങ്ങളിൽ താമസിക്കുന്ന ദമ്പതികളും വരെ ഇന്ത്യയിലേക്കാണ് ഗർഭപാത്രവും തേടിയെത്തുന്നത്. സംഗതി ഇവിടെ ചീപ്പാണെന്നതു തന്നെ കാരണം.

വിദേശ രാജ്യങ്ങളിൽ നിന്ന് ഈയടുത്ത കാലത്തായി ഒട്ടേറെ ദമ്പതികൾ ഇന്ത്യയിലേക്ക് വരികയുണ്ടായി. മറ്റു രാജ്യങ്ങളിൽ കിട്ടുന്നതിനെക്കാൾ അഞ്ചു മടങ്ങ് കുറവാണ് ഈ രാജ്യത്തെ ഗർഭപാത്രത്തിന്റെ വാടക. പുരുഷന്റെ ബീജം കുത്തിവെച്ചു അഡ്വാൻസും കൊടുത്താൽ പിന്നെ കുഞ്ഞ് പുറത്തുവരുമ്പോൾ വിവരമറിഞ്ഞാൽ മതി. കുഞ്ഞിനെ ആരോഗ്യത്തോടെ കിട്ടിയാൽ മൂന്നു ലക്ഷം മുതൽ അഞ്ചു ലക്ഷം വരെയാണ് കൈയിൽ കിട്ടുന്നത്. വരുമാനത്തിന് അതിലുപരി എന്തു വേണം?

ഇവിടെ നിയമപ്രശ്നങ്ങൾ ഒന്നുമില്ലേ? എല്ലാ രാജ്യങ്ങളെയും പോലെ നമ്മുടെ രാജ്യവും അതിന് മൗനാനുവാദം നൽകുകയാണോ? അതേ തുടർന്നുണ്ടായേക്കാവുന്ന പ്രശ്നങ്ങൾക്ക് ആരാണ് ഉത്തരവാദിത്തം ഏറ്റെടുക്കുക?

ജീവിക്കാനുള്ള ഈ മാംസക്കച്ചവടം ഭരണകൂടമടക്കം ആർക്കും പ്രശ്നമല്ല. സംസ്കാരത്തിന്റെ പേരിൽ ബഹളം വെക്കുന്നവർക്കും മൗനം. ഈ സാംസ്കാരിക അപചയം നിസ്സാരമല്ല.

ഇവിടെ ചില പ്രശ്നങ്ങളുണ്ട്. ആരോഗ്യപരമാണ് ഒന്ന്. തികച്ചും അന്യനായ ഒരാളുടെ ബീജം ഒരു തരത്തിലുള്ള മെഡിക്കൽ ചെക്കിംഗും ഇല്ലാതെ മറ്റൊരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുന്നത് രോഗാതുരമായ ഒരു സമൂഹത്തിന്റെ നിർമിതിക്ക് കാരണമാകും. രോഗിയായ പുരുഷന്റെ ബീജം ഏറ്റുവാങ്ങുന്ന സ്ത്രീയും അവളിലൂടെ ജന്മമെടുക്കുന്ന കുഞ്ഞും അയാളുടെ രോഗത്തിന് വിധേയമാവുകയല്ലേ ചെയ്യുന്നത്? ഇതേ പ്രശ്നങ്ങളാൽ രോഗിയായവരുടെ എണ്ണവും ഏറെയാണ്. തനിക്ക് കിട്ടാൻ പോകുന്ന കുഞ്ഞ് ആരോഗ്യമുള്ളവനാകണമെന്ന ആഗ്രഹആഗ്രഹമുള്ളവരായിരിക്കും എല്ലാവരും. പരമാവധി രോഗാതുരമല്ലാത്ത അവസ്ഥയിൽ തന്നെയായിരിക്കും ഈ ബീജദാനം നടക്കുന്നത്. എന്നാൽ തന്നെയും അതൊന്നും സൂക്ഷ്മമാകണമെന്നില്ല.

വിശുദ്ധമായ വിവാഹബന്ധത്തിലൂടെ ഗർഭം ധരിക്കുകയെന്ന പ്രകൃതിപരവും ദൈവികനിർണിതവുമായ രീതിലംഘനം തീർത്തും അനാശാസ്യമാണ്. മാംസക്കച്ചവടത്തിന്റെ മറ്റൊരു രീതിയത്രെ അത്. പക്ഷേ, ഒന്നാംതരം ശരീരവിൽപനക്കുമില്ലല്ലോ ഇവിടെ ഒരു പ്രയാസവും.

രക്തദാനം പോലെയോ അവയവ ദാനം പോലെയോ ഉള്ള പ്രശ്നമല്ല ഗർഭപാത്രം വാടകക്ക് നൽകുന്നത്. ഗുരുതരമായ ആരോഗ്യപ്രശ്നവും സദാചാരപ്രശ്നവും സാംസ്കാരികമായ പലവിധത്തിലുള്ള വിഷയങ്ങളും അതിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

സ്വയം സമ്പാദിക്കുന്നതിനു വേണ്ടി എന്തും ചെയ്യുന്ന യുവത്വത്തെ കൂടുതൽ വിനാശകരങ്ങളായ സദാചാരലംഘനത്തിലേക്ക് വലിച്ചിഴക്കാനേ ഇത് ഉപകരിക്കുകയുള്ളു.

ശാസ്ത്രീയമായും ധാർമികമായും സാംസ്കാരികമായും ഒരിക്കലും അനുവദിക്കാനാകാത്ത ഈ പ്രവണതയെ ഭരണകൂടം നിയന്ത്രിക്കേണ്ടതുണ്ട്. അന്യരായ സ്ത്രീ–പുരുഷന്മാരുടെ അണ്ഡവും ബീജവും കലർത്തി സന്താനോൽപാദനം നടത്തുന്നത് നിഷിദ്ധമാണ്. കുടുംബപാരമ്പര്യം നിലനിറുത്തുന്ന ജീനുകളെ അത് വഹിക്കുന്നുണ്ട്. അത് കുടുംബപരമായ സങ്കലനത്തിന് കാരണമാകും. അന്യപുരുഷന്റെ ബീജം അന്യയായ ഒരുവളുടെ ഗർഭപാത്രത്തിൽ കുത്തിവിക്കുന്നതാകട്ടെ വ്യഭിചാരത്തിന് തുല്യമാണ്.

നിയമപരമായ പ്രശ്നങ്ങൾ ഇല്ലെങ്കിലും മാനുഷികവും ധാർമികവുമായ മാനദണ്ഡങ്ങൾ വെച്ചുകൊണ്ടുവേണം ഇത്തരം പ്രശ്നങ്ങളെ സമീപിക്കാൻ.